(സി) ഇപ്പോൾ എത്ര ജില്ലകളിൽ എത്ര സ്കൂളുകളിൽ ആ സ്കീം നടക്കുന്നുണ്ട്;

(ഡി) ഈ സ്കീമിന്റെ മേൽനോട്ടം ഇപ്പോൾ ഏതു സ്ഥാപനമാണ് നിർവഹിക്കുന്നത്;

(ഇ) ഈ സ്കീം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പതിനാലു റവന്യൂ ജില്ലകളിലായി 461 ഗവണ്മെന്റ്/എയ്ഡഡ് ഹൈസ്കൂളുകളിൽ കംപ്യൂട്ടർ പഠനം നടക്കുന്നുണ്ട്.

(ഡി) പൊതു വിദ്യാഭ്യാസ ഡയറക്ടർ നേരിട്ടാണ് ഇപ്പോൾ ഇതിന്റെ മേൽനോട്ടം വഹിക്കുന്നത്.

(ഇ) നിലവിലുള്ള സിലബസ് പരിഷ്കരണവിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനായി ഒരു വിദഗ്ദ്ധസമിതിയെ ഗവണ്മെന്റ് നിയമിച്ചിട്ടുണ്ട്. കംപ്യൂട്ടർ പഠനം ഫലപ്രദമാക്കുവാൻ ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്പ്യൂട്ടർ പഠന സഹായി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പഠനസഹായിയുടെ അടിസ്ഥാനത്തിൽ, കമ്പ്യൂട്ടർ വിതരണം ചെയ്ത സ്കൂളുകളിലെ അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിനും, ഡാറ്റാ എൻട്രി നടത്തുന്നതിനും വേണ്ട പരിശീലനവും പഠന സംബന്ധമായ സോഫ്റ്റ്വെയറിന്റെ സഹായത്തോടെ ക്ളാസ്സുകൾ കൈകാര്യം ചെയ്യാൻ വേണ്ടതായ പരിശീലനവും നൽകുകയുണ്ടായി. ഈ വർഷം മുതൽ അദ്ധ്യാപകർക്കുള്ള കംപ്യൂട്ടർ പരിശീലനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

39 (1583) പ്രൈമറി തലത്തിൽ പുതിയ പാഠ്യപദ്ധതി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി തലത്തിൽ ഏർപ്പെടുത്തിയ പുതിയ പാഠ്യപദ്ധതിയുടെ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പുതിയ പാഠ്യപദ്ധതിയുടെ ഗുണഫലം വിശദമാക്കുമോ?

ഉത്തരം

(എ) പ്രൈമറി തലത്തിൽ ഏർപ്പെടുത്തിയ പുതിയ പാഠ്യപദ്ധതിയിലെ ന്യൂനതകൾ കണ്ടെത്തുവാനും അവ പരിഹരിക്കുന്നതിനും ആവശ്യമായ ശുപാർശകൾ സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഒന്നും രണ്ടും ക്ളാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ഈ വർഷം ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയതിന്റെ ഗുണഫലം കാല ക്രമേണ മാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ. എന്നാൽ വിദ്യാഭ്യാസ മേഖലയിലെ മൊത്തം പരിഷ്കാരങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ നിലവാരത്തിൽ ക്രമാനുഗതമായ പുരോഗതി ഉള്ളതായി കാണപ്പെട്ടിട്ടുണ്ട്.

40 (1584) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ ഈ സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ഒരു ക്ളാസ്സിൽ എത്ര വിദ്യാർത്ഥികൾ ഉണ്ടായിരിക്കണമെന്നാണ് പുനർനിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം പുനർനിശ്ചയിക്കുവാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ക്ളാസ്സുകളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1997-98, 1998-99 വർഷങ്ങളിൽ നിലവിൽ അംഗീകൃത തസ്തികകളിൽ തുടരുന്ന അദ്ധ്യാപകർക്ക് ഡിവിഷൻ കുറവുമൂലമുള്ള പിരിച്ചുവിടൽ ഒഴിവാക്കുവാൻ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:40 ആയി കുറച്ചിട്ടുണ്ട്.

(ബി) ആദ്യത്തെ ഡിവിഷനിൽ 45 വിദ്യാർത്ഥികളും 46 വിദ്യാർത്ഥികൾക്ക് രണ്ട് ഡിവിഷനും പിന്നെ ഓരോ 40 വിദ്യാർത്ഥികൾക്കും ഓരോ അധിക ഡിവിഷനും വീതം അനുവദിക്കുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി) വിദ്യാർത്ഥികളുടെ കുറവുമൂലം ഡിവിഷൻ നഷ്ടപ്പെടുവാനും തൻമൂലമുള്ള അദ്ധ്യാപക പിരിച്ചുവിടലും ഒഴിവാക്കുവാനുമാണ്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1997-98, 1998-99 വർഷങ്ങളിൽ കുറച്ചിട്ടുള്ളത്.

(ഡി) ഉച്ചക്കഞ്ഞി വിതരണം, പ്രൈമറി തലം വരെ സൗജന്യ പാഠപുസ്തക വിതരണം, പിന്നോക്ക വിഭാഗങ്ങൾക്ക് സ്റ്റൈപന്റ്, സൗജന്യ വിദ്യാഭ്യാസം, ശിശു സൗഹൃദപരവും ലളിതവുമായ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി മുതലായവ നടപ്പാക്കി വരുന്നു.

41 (1585) എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് സ്കൂൾ അദ്ധ്യാപകരിൽ ഏത് വർഷം വരെ ഉള്ളവർക്ക് പ്രൊട്ടക്ഷൻ നൽകിയിട്ടുണ്ട്;

(ബി) ഇനി ഏത് വർഷം മുതൽ ഉള്ളവർക്കാണ് പ്രൊട്ടക്ഷൻ നൽകാനുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly